(ബി) ഈ ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വാഹനങ്ങളുടെ പെർമിറ്റുകൾ കൈമാറ്റം ചെയ്യുംപോഴുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ നിലവിൽ വല്ല സംവിധാനവുമുണ്ടോ ;

(ഡി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) നിലവിലുള്ള വ്യവസ്ഥകൾ കർശനമാക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) താൽക്കാലിക പെർമിറ്റ് കൾ അനുവദിക്കുന്നതിൽ വൻ അഴിമതി നടക്കുന്നവിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) അന്തർ ജില്ലാ പെർമിറ്റുകൾ നൽകുന്നത് ഇൻഡ്യൻ മോട്ടോർ വാഹന ചട്ടം സെക്ഷൻ 45, 48 കേരള മോട്ടോർ വാഹന നിയമം 203 എയും അനുസരിച്ചാണ്. താൽക്കാലിക പെർമിറ്റ് അനുവദിക്കുന്നത് മോട്ടോർ വാഹന ചട്ടം സെക്ഷൻ 62, കേരള മോട്ടോർ വാഹന നിയമം 177 എ, എന്നിവ അനുസരിച്ചാണ്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ഇൻഡ്യൻ മോട്ടോർ വാഹനചട്ടം 56-ാം വകുപ്പു പ്രകാരവും കേരള മോട്ടോർ വാഹന നിയമം 211-ഉം അനുശാസിക്കുന്ന നടപടിക്രമങ്ങൾ സ്വീകരിക്കുന്നുണ്ട്. അതായത് പെർമിറ്റ് കൈമാറ്റം ചെയ്യുവാൻ സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷയിൽപറഞ്ഞിട്ടുള്ള വസ്തുതകൾ സത്യസന്ധമണെന്നും, കൈമാറ്റം ചെയ്യുമ്പോൾ പ്രസ്തുത കൈമാറ്റം അതാത് തൊഴിലാളികളുടെ വേതന ചട്ടങ്ങളേയും നിലവിലുള്ള മറ്റ് ചട്ടങ്ങളേയും, പരാജയപ്പെടുത്തുകയില്ല എന്നുള്ള കാര്യങ്ങൾ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് ബോധ്യപ്പെട്ടാൽമാത്രമേ കൈമാറ്റം അനുവദിക്കുകയുള്ളു. ഇവ പരിശോധിക്കാനായി മോട്ടോർ വാഹന നികുതിയേയും തൊഴിൽ വകുപ്പിന്റെയും ഉദ്യോഗസ്ഥൻമാരുടെ സേവനം ഉപയോഗിക്കുകയുള്ളു.

(ഇ) ഇതിനുള്ള നിഷ്കർഷ ഇപ്പോഴത്തെയുണ്ടല്ലോ.

(എഫ്) ഇല്ല. പെർമിറ്റുകൾ നിയമനങ്ങൾക്ക് വിധേയമായി നൽകുന്നു എന്നാണ് സർക്കാരിന്റെ അറിവ്.

മൂന്ന് മേജർ കയർ ഫാക്ടറികൾ സ്ഥാപിക്കാൻ നടപടി

*323 [382] ശ്രീ. എസ്. ചന്ദ്രശേഖരക്കുറുപ്പ് :

,, എസ്. ഗോവിന്ദക്കുറുപ്പ് :

,, വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൂന്ന് മേജർ കയർ ഫാക്ടറികൾ സ്ഥാപിക്കാനുള്ള നടപടി എത്രത്തോളമായി ;

(ബി) എന്നുമുതൽ ഇവയുടെ പ്രവർത്തനം ആരംഭിക്കുമെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനുവേണ്ടി എന്ത്തുക നീക്കിവച്ചിട്ടുണ്ട് ;

(ഡി) എന്തുതുക ഇതിനകം ചെലവഴിച്ചു ?

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്) : (എ ബി) ഒരു പൊതു മേഖലാസ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ആലപ്പുഴ, മുഹമ്മ, ചേർത്തല, എന്നിവിടങ്ങളിൽ മൂന്ന് കയറുപായ് നിർമ്മാണ ഫാക്ടറികൾ സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പ്രോജക്റ്റ് റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചതിൽ ആലപ്പുഴ, ചേർത്തല എന്നിവിടങ്ങളിൽ ഉദ്ദേശിച്ചിരുന്ന ഫാക്ടറികൾ തത്വത്തിൽ അംഗീകരിക്കുകയും മുഹമ്മയിലുള്ള ഫാക്ടറിക്കു അംഗീകാരം നൽകുകയും ചെയ്തു. ഇതിനാവശ്യമായ 6.5 ഏക്കർ സ്ഥലം പൊന്നുംവിലക്ക് എടുക്കാനുള്ള നടപടികൾ കോർപ്പറേഷൻ ആരംഭിച്ചിരുന്നതാണ്. എന്നാൽ ഗവൺമെന്റുടമയിൽ പുന്നപ്ര ഡവലപ്പ്മെന്റ് ബ്ലോക്കിൽ സ്ഥലം ആദായകരമായും കാലവിളംബമില്ലാതെയും കിട്ടുവാൻ സാദ്ധ്യതയുണ്ടെന്ന് മനസിലാക്കി കമ്പനിയുടെ ഡയറക്ടർ ബോർഡ് കഞ്ഞിക്കുഴിയിൽ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് അംഗീകാരം ലഭിച്ച ഫാക്ടറിയുടെ ലൊക്കേഷൻ പുന്നപ്രയിൽ സ്പ്രൂട്ടർ പ്രോജക്റ്റ്വക സ്ഥലത്തിൽനിന്നും കയർ കോർപ്പറേഷന്റെ പേരിൽ വ്യവസായ ഡിപ്പാർട്ട്മെന്റിൽനിന്ന് വാങ്ങിയ സ്ഥലത്തേക്ക് മാറ്റുന്നതിന് നിശ്ചയിക്കുകയും ഇതിൻപ്രകാരം ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്ററിൽ 1000 രൂപ ഏണസ്റ്റ് മണി ഡിപ്പോസിറ്റ് അടച്ച് കോർപ്പറേഷന്റെ പേരിൽ 6.5 ഏക്കർ സ്ഥലം അനുവദിച്ചുവാങ്ങുകയും ചെയ്തു. ഇതിന്റെ ആദ്യ ഗഡുവായ 20% അതായത് 94,476,60 രൂപ അടയ്ക്കുന്ന മുറക്ക് സ്ഥലം കൈവശം കിട്ടുന്നതാണ്. ഇതിന്റെ മൊത്തവില 4,27,336,60 രൂപയാണ്. എന്നുമുതൽ പ്രവർത്തനം ആരംഭിക്കണമെന്നകാര്യം തീരുമാനിച്ചിട്ടില്ല.

(സി) മൂന്ന് ഫാക്ടറികൾക്കുമായി വേണ്ടുന്ന മുതൽമുടക്ക് 261 ലക്ഷം രൂപയാണ്. ഇതിൽ ഗവൺമെന്റ് വഹിക്കാനുള്ള ഷെയർ 96 ലക്ഷം രൂപയാണ്. 1985-86-ൽ കയർ കോർപ്പറേഷനിൽ ഷെയർ ഇനത്തിൽ 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) സ്ഥലം വാങ്ങുന്നതിനുവേണ്ടിയുള്ള പ്രാഥമിക ചിലവുകളല്ലാതെ, കോർപ്പറേഷൻ മറൊരു തുകയും ഇതിലേക്ക് വേണ്ടി ചിലവഴിച്ചിട്ടില്ല.

പട്ടയഭൂമി

*324 [383] ശ്രീ. ജി. വരദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് പട്ടയം വിതരണം ചെയ്യുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ബി) പട്ടയം വിതരണം നടത്തുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് ;

(സി) മരങ്ങൾക്കുവേണ്ടി ഫീസ് അടച്ചതിനുശേഷം പട്ടയം നൽകിയ ഭൂമിയിൽനിന്നും മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ഗവൺമെന്റ് അനുവാദം കൊടുക്കാതിരിക്കുന്നതിനുള്ള കാരണമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly